# സ്ഥലം കാലം ചരിത്രം

**വി.വിജയകുമാർ**
ഭൗതിക ശാസ്ത്ര വിഭാഗം, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്

കെ.പി. അപ്പൻ ഒരു വിമർശഗ്രന്ഥത്തിനു നല്കിയ ശീർഷകം 'ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക'* എന്നായിരുന്നു. തന്റെ വിമർശസപര്യയിലുടനീളം ചരിത്രത്തോട് അധികം മമതകാണിച്ചിട്ടില്ലാത്ത വിമർശകനാണ്, ഏതാണ്ട് അന്ത്യകാലത്ത് സമാഹരിച്ച ലേഖനങ്ങളുടെ ശീർഷകമായി ഈ വാക്യം എഴുതിയത്. നാം ചരിത്രവത്കരിക്കേണ്ടിയിരിക്കുന്നുവെന്നാണോ നമ്മുടെ വിമർശകൻ അർത്ഥമാക്കിയത്? ചരിത്രവത്കരിക്കുക, വീണ്ടും ചരിത്രവത്കരിക്കുക എന്ന ഫ്രെഡറിക് ജെയിംസന്റെ ആശയം ആകർഷണീയമായി കരുതിയിരുന്ന വിമർശകനായിരുന്നില്ലല്ലോ, അദ്ദേഹം. ഈ പുസ്തകശീർഷകം വന്നതിനു ശേഷം നടക്കുന്ന നോട്ടങ്ങളിലെങ്കിലും അപ്പന്റെ കൃതികളിൽ ചരിത്രം എങ്ങനെയാണ് പരിഗണിക്കപ്പെട്ടതെന്നു പരിശോധിക്കപ്പെടേണ്ടതാണ്. ചരിത്രം അപ്പന്റെ രചനകളിൽ എങ്ങനെയാണ് പ്രവർത്തിച്ചത്? ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക എന്ന തന്റെ നിർദ്ദേശം അദ്ദേഹം സ്വയം പാലിച്ചിരുന്നുവോ? ചില നോവൽകൃതികളെ അപ്പൻ എങ്ങനെയാണു വായിച്ചതെന്ന് അന്വേഷിച്ചുകൊണ്ട് ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനാണ് ഈ ലേഖനം ശ്രമിക്കുന്നത്.

ഒ.വി.വിജയന്റെ രണ്ടു നോവലുകളെക്കുറിച്ച് അപ്പൻ വിശദമായ വിമർശപഠനങ്ങൾ എഴുതിയിരുന്നു. അപ്പന്റെ വിമർശബുദ്ധിയിൽ നിന്നും ഉരുവംകൊണ്ട വചനങ്ങൾകൊണ്ട് ഖസാക്കിന്റെ ഇതിഹാസവും

*'ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക'എന്ന ശീർഷകവുമായി വന്ന അപ്പന്റെ പുസ്തകം ചരിത്രത്തിന്റെ പ്രശ്നീകരണങ്ങളെ ലക്ഷ്യമാക്കുന്നതായിരുന്നില്ല. അനുഭവകഥകളോടൊപ്പം ചരിത്രത്തെ വിദൂരതയിൽ നിന്നു മാത്രം നോക്കിക്കാണുന്ന ചില ലേഖനങ്ങളാണ് ആ പുസ്തകത്തിന്റെ ഉള്ളടക്കം. തന്റെ രചനകളിൽ നിന്നും ചരിത്രത്തെ ഉപേക്ഷിക്കുകയും എന്നാൽ ഉപബോധത്തിലെവിടെയോ ചരിത്രത്തിന്റെ പ്രാധാന്യത്തെ തിരിച്ചറിയുകയും ചെയ്ത ഒരു എഴുത്തുകാരൻ തന്റെ ജീവിതാന്ത്യത്തിൽ സമാഹരിച്ച രചനകൾക്കു നല്കിയ ശീർഷകമായിരുന്നു അത്.

'ധർമ്മപുരാണവും അലങ്കരിക്കപ്പെട്ടു. അപ്പന്റെ വാക്കുകൾ തന്റെ രചനകളുടെ ഉള്ളറിഞ്ഞവയാണെന്ന് വിജയൻ കരുതിയിരുന്നു. ധർമ്മപുരാണത്തെക്കുറിച്ച് അപ്പൻ എഴുതിയ പഠനം നോവലിനോടൊപ്പം ചേർത്തു പ്രസിദ്ധീകരിക്കാൻ വിജയൻ സന്നദ്ധനായി. ഖസാക്കിന്റെ ഇതിഹാസപഠനത്തിന് കെ.പി. അപ്പൻ എഴുതിയ 'നിരാനന്ദത്തിന്റെ ചിരി' എന്ന ശീർഷകം പോലും വിജയനെ ആശ്ചര്യപ്പെടുത്തിയിരുന്നുവത്രേ! ആ നോവലിന്റെ രചനാകാലത്തെ തന്റെ മാനസികാവസ്ഥയെ അപ്പൻ എങ്ങനെ മനസ്സിലാക്കിയെന്ന് വിജയൻ അത്ഭുതം കൂറി. എന്നാൽ, ഖസാക്കിന്റെ ഇതിഹാസത്തിനു വേണ്ടി വിജയൻ നിർമ്മിച്ചെടുത്ത ഗദ്യത്തിലെ ദാർശനികവൈകാരികത നിറഞ്ഞ ശൈലി ഒരു സ്ഥിരം മൂലധനമായി തീരുകയും വിജയനെന്ന ഗ്രന്ഥകാരൻ അയാളുടെ തന്നെ അനുകർത്താവായി മാറുകയും ചെയ്തതിനെ കുറിച്ച് അപ്പൻ പിന്നീടെഴുതി. ഒ.വി. വിജയനെന്ന മലയാളത്തിലെ വലിയ സർഗാത്മക സാഹിത്യകാരനെതിരെ എഴുതപ്പെട്ട ശരിയായ ഖണ്ഡനവിമർശനവാക്യങ്ങളായിരുന്നു അത്.

ധർമ്മപുരാണവും ഖസാക്കിന്റെ ഇതിഹാസവും ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വായിക്കേണ്ടതും ചരിത്രപരമായ വികലനം ആവശ്യപ്പെടുന്നതുമായ കൃതികളാണ്. ധർമ്മപുരാണത്തെക്കുറിച്ചുള്ള ചില നവീന വിമർശകരുടെ പഠനങ്ങളിൽ ചരിത്രം കടന്നുവന്നിരുന്നെങ്കിലും ഖസാക്കിനെക്കുറിച്ചുള്ള പഠനങ്ങളെല്ലാം തന്നെ അതിന്റെ വിലോഭനീയസൗന്ദര്യത്തിൽ മറ്റെല്ലാം മറന്ന് മുഴുകിയ രചനകളായിരുന്നു. നവീന വിമർശകർ സ്വീകരിച്ച ഈ പൊതുരീതിയിൽനിന്നും അപ്പന്റെ ലേഖനവും വ്യത്യസ്തമായിരുന്നില്ല. വിജയന്റെ നോവലിൽ ഖസാക്ക് എന്ന സ്ഥലത്തിനു നല്കുന്ന പ്രാധാന്യം ഈ വിമർശകർ കണ്ടതേയില്ല. ഖസാക്കിന്റെ ഇതിഹാസം എന്ന ശീർഷകം തന്നെ അവർ വായിച്ചില്ല. ഒരു ദേശത്തെ എഴുതാനുള്ള ശ്രമമെന്ന നിലക്ക് ആ കൃതി വായിക്കപ്പെട്ടതേയില്ല. ഖസാക്കിന്റെ ഇതിഹാസം രവിയെന്ന മനുഷ്യന്റെ മാത്രം കഥയാണെന്ന കെ.പി. നിർമ്മൽകുമാറിന്റെ അഭിപ്രായം ഓർക്കുക. ഒ.വി. വിജയൻ എന്ന എഴുത്തുകാരന്റെ സ്വപ്നദർശനബോധത്തിനും കാലത്തെ കുറിച്ചുള്ള ഭ്രമാത്മകചിന്തകൾക്കും ഊന്നൽ നല്കിയ നമ്മുടെ വിമർശകനും ആ നോവലിലൂടെ എഴുതപ്പെട്ട ഖസാക്കിന്റെ ദേശചരിത്രം ശ്രദ്ധിച്ചതേയില്ല. രവിയെ വലിയ കണ്ണുകൾ കൊണ്ടു നോക്കാൻ ശ്രമിക്കുന്നതിന്നിടയിൽ നോവലിലെ നായകസ്ഥാനത്തു നില്ക്കുന്ന ഖസാക്ക് എന്ന സ്ഥലം കാഴ്ചവട്ടത്ത് വന്നതേയില്ല. അപ്പന്റെ പഠനത്തിൽ ദേശത്തെ സൂചിപ്പിക്കാനായി ഖസാക്ക് എന്ന വാക്ക്

ഉപയോഗിക്കപ്പെടുന്നതേയില്ലെന്നതാണ് യാഥാർത്ഥ്യം. ചരിത്രം സ്ഥലകാലങ്ങളാൽ ബന്ധിതമായതിനാൽ ദേശത്തോടുള്ള, സ്ഥലത്തോടുള്ള ഈ ഉപേക്ഷ ചരിത്രത്തോടുള്ള ഉപേക്ഷ തന്നെയായിരുന്നു. മലയാളത്തിലെ നവീനവിമർശകരുടെ മുന്നിൽ ചരിത്രം ഒരു പ്രശ്നമോ പ്രഹേളികയോ ആയി പ്രത്യക്ഷപ്പെട്ടിരുന്നില്ല എന്നതാണ് സത്യം. നോവലിലെ പ്രമേയം യഥാർത്ഥത്തിൽ ഉണ്ടാവാത്ത കഥയാണെന്നും അതിനെ ചരിത്രത്തിൽനിന്നും മാറ്റി നിർത്താമെന്നുമുള്ള ചന്തുമേനോന്റെ നിർദ്ദേശത്തിനു സമാനമായ ഒരു കാര്യമാണ് നമ്മുടെ വിമർശകപ്രതിഭയും ചെയ്തത്. ഇ.വി.രാമകൃഷ്ണനും സുനിൽ പി ഇളയിടവും പില്ക്കാലത്ത് എഴുതിയ ഖസാക്ക് പഠനങ്ങൾ നവീനവിമർശകരുടെ അജണ്ടയിൽനിന്നും മാറി സഞ്ചരിക്കുന്നതുകൂടി ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതാണ്.

അക്ഷരത്തേയും ആധുനികതയേയും കുറിച്ച് അവിശ്വാസവും സന്ദേഹങ്ങളും നിലനില്ക്കുന്ന ഖസാക്ക് എന്ന ഗ്രാമസമൂഹത്തിലേക്കാണ് അവിടുത്തെ കുട്ടികളെ അക്ഷരം പഠിപ്പിക്കാൻ ഭരണകൂടം നിയമിച്ച അദ്ധ്യാപകനായി രവി എത്തിച്ചേരുന്നത്. ആ ഗ്രാമസമൂഹത്തിന്റെ അവിശ്വാസത്തിന്റേയും സന്ദേഹത്തിന്റേയും വാക്കുകൾ നോവലിൽ നിന്നും ഇങ്ങനെയെല്ലാം വായിക്കാം.

"മലമ്പൊഷ അണ കെട്ടി വെള്ളം തിരിയ്ക്കുംന്നൊക്കെ പറയിണ്ണ്ട്ടൂ. ഇല്ലാത്ത മഷെനെ പെയ്യിയ്ക്കാനോ പെയ്ണ മഷനെ തട്ക്കാനോ മൻക്ഷൻ കുട്ട്യാ കൂട്വോന്നും,കുട്ടീ?"

"ആളുകൾ പറയുന്നു, പുന്നപ്പാറയിലെ രണ്ടു മലകളെ കരിങ്കൽച്ചുമരുകൊണ്ടു ബന്ധിക്കുമെന്ന്. കടലിലേയ്ക്കൊഴുകുന്ന മലമ്പുഴ തടഞ്ഞു നിർത്തി ഖസാക്കിലേക്കു വെള്ളം തിരിയ്ക്കുമെന്ന്. കാലവർഷത്തിന്റെ ശാഠ്യം മനുഷ്യൻ തിരുത്തുമെന്ന് ധരിച്ചാൽ കണ്ടുതന്നെയറിയണം."

"കഴിഞ്ഞാഴ്ച ആൽത്തറയ്ക്കൽ കൂടിയ പഞ്ചായത്തിനെ കുറിച്ചാണ് മൊല്ലാക്ക ഓർത്തത്. മൊല്ലാക്ക വിളിച്ചിട്ടായിരുന്നു ഖസാക്കിലെ കാരണവന്മാർ അവിടെ കൂടിയത്. ഏതാനും ചെറുവാല്യക്കാരും വന്നു ചേർന്നിരുന്നു. ഖസാക്കിൽ ഇങ്ങനെയൊരു സ്കൂളിന്റെ ആവശ്യമില്ലെന്ന് മൊല്ലാക്ക അവരോട് പറഞ്ഞു. മൈലാഞ്ചി താടികൾ ഉഴിഞ്ഞ് കാരണവന്മാർ സമ്മതം മൂളി."

സർക്കാർ നല്കാൻ തീരുമാനിച്ചിരിക്കുന്ന വിദ്യാഭ്യാസത്തോടും പുത്തൻ സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലൂടെ നടപ്പിലാക്കുന്ന

പരിഷ്കാരങ്ങളോടും ഖസാക്കിലെ ഗ്രാമസമൂഹത്തിന്റെ ആദ്യപ്രതികരണങ്ങൾ ചരിത്രം പഠിക്കുന്നവർക്ക് വളരെ മൂല്യമുള്ള കാര്യങ്ങളാണ്. ഇങ്ങനെ എത്രയെത്രയോ ഉദാഹരണങ്ങൾ എടുത്തുകാണിക്കാൻ കഴിയും. വിജയന്റെ നോവലിലെ ഓരോ വരിയിലും ചരിത്രം കിനിഞ്ഞു നിന്നിരുന്നുവെങ്കിലും ലാവണ്യവാദവും അസ്തിത്വവാദദർശനവും നവീനവിമർശനത്തെ പൂർണ്ണമായും കീഴ്പ്പെടുത്തിക്കഴിഞ്ഞിരുന്ന അക്കാലത്ത് അപ്പനെപ്പോലൊരു നിരൂപകന് ചരിത്രം അസ്പർശ്യമായിരുന്നു. നോവലിനെ ചരിത്രപഠനത്തിനുള്ള സാമഗ്രിയായി കണ്ടെത്തുകയെന്നത് നീചമായ പ്രവൃത്തിയായി അപ്പനും കരുതിയിരുന്നു.

വിജയന്റെ നോവലിൽ നിറഞ്ഞുനിന്ന ദേശചരിത്രത്തെ അപ്പനെപ്പോലുള്ള വിമർശകർ കാണാതിരുന്നതിന് വിമർശനത്തോടും എഴുത്തിനോടും അവർ സ്വീകരിച്ച സമീപനങ്ങൾ തന്നെ പ്രധാനകാരണമായിരുന്നു. എഴുത്തുകാരൻ താല്പര്യപ്പെടുന്ന ഏകാർത്ഥത്തെ നോവലിൽനിന്നു കണ്ടെത്താൻ ശ്രമിക്കുന്ന, എഴുത്തുകാരനെ അയാളുടെ കൃതിയിലെ ആശയലോകത്തിന്റെ ചക്രവർത്തിയായി കാണുന്ന സമീപനങ്ങളാണ് അപ്പനെയും നയിച്ചിരുന്നത്. എഴുത്തിലെ ചിഹ്നങ്ങളുടെ സ്വേച്ഛാചലനങ്ങളോ അർത്ഥത്തിന്റെ അനിശ്ചിതാവസ്ഥയോ ഈ സമീപനത്തിന് ഒരു പ്രശ്നമായിരിക്കില്ല. നോവലിന്റെ വ്യത്യസ്തഭാഗങ്ങളെ ഏകാർത്ഥത്തിലേക്കോ കേന്ദ്രത്തിലേക്കോ ചുരുക്കുന്നതിനു പകരം അതിന്റെ വൈരുദ്ധ്യങ്ങളിലും ചേർച്ചയില്ലായ്മകളിലും ഫോക്കസ് ചെയ്യണമെന്ന താല്പര്യവും ഈ സമീപനത്തിലുണ്ടായിരുന്നില്ല. കൃതിയിലെ വൈരുദ്ധ്യങ്ങളെ രഞ്ജിപ്പിക്കാനും അതിന്റെ സത്തയെ കണ്ടെത്താനുമാണ് അപ്പൻ ഉത്സുകനായത്. മറിച്ച്, എഴുത്തിലെ ബഹുസ്വരങ്ങളേയും വ്യത്യസ്തസാന്നിദ്ധ്യങ്ങളേയും അശ്രദ്ധയോടെ നോക്കിക്കാണുകയും ചെയ്തു. ഖസാക്ക് രവിയുടെ മാത്രം കഥയാണെന്ന അഭിപ്രായം നിർമ്മൽകുമാറിന്റേതു മാത്രമായിരുന്നില്ല. അപ്പൻ ഉൾപ്പെടെയുള്ള വിമർശകന്മാരുടെ അബോധമനസ്സിൽ ഈ ആശയം ഉണ്ടായിരുന്നു. പില്ക്കാലത്ത്, രവി ആ നോവലിലെ ഒരു സാധാരണ കഥാപാത്രം മാത്രമായി മാറിത്തീരുന്നതും നവീന വിമർശനം കാണാതെപോയ പല കഥാപാത്രങ്ങളും പില്ക്കാല വായനക്കാരുടെ വ്യാഖ്യാനങ്ങളിൽ പ്രാധാന്യത്തോടെ കടന്നുവരുന്നതും കാണാം.

ധർമ്മപുരാണത്തിന്റെ പഠനത്തിലേക്ക് എത്തുമ്പോഴേക്കും ചരിത്രത്തോടുള്ള പഴയ സമീപനത്തിലെ കാഠിന്യം ഉപേക്ഷിക്കപ്പെടുകയും നിലപാടുകളിൽ അയവുവരുകയും ചെയ്യുന്നുണ്ട്. അത് ചരിത്രത്തെ

നേരിട്ട സംബോധനചെയ്യുന്ന കൃതിയായിരുന്നുവെന്നത് ഈ മാറ്റത്തിനു കാരണമായി. ചരിത്രത്തിന്റെ പാപങ്ങളെക്കുറിച്ച് തനിക്കു കിട്ടിയ ഉൾക്കാഴ്ചകളെയാണ് ധർമ്മപുരാണത്തിൽ വിജയൻ രേഖപ്പെടുത്തുന്ന തെന്ന് അപ്പൻ മനസ്സിലാക്കിയിരുന്നു. എങ്കിലും, വിജയൻ നോവലിനെ ക്കുറിച്ചു പറഞ്ഞ പല കാര്യങ്ങളേയും നിഷേധിക്കുന്ന നിഗമനങ്ങളിലാണ് ഇപ്പോൾ അപ്പൻ എത്തിച്ചേർന്നത്. ഈ നോവലിനെക്കുറിച്ചുള്ള തന്റെ ലേഖനത്തിന് 'ചരിത്രത്തിന്റെ കാരുണ്യം നിറഞ്ഞ വസ്ത്രാക്ഷേപം' എന്ന ശീർഷകം അദ്ദേഹം നല്കി. എന്നാൽ, ചരിത്രമെന്നു പറയുമ്പോൾ ഏതു കാലഘട്ടത്തിന്റെ ചരിത്രമെന്നു കൃത്യതയോടെ പറയേണ്ടതുണ്ടെ ന്ന് അപ്പൻ വിശ്വസിച്ചില്ല. അദ്ദേഹത്തിന്റെ മുന്നിൽ ഏതു കാലത്തിന്റേ തെന്നു വ്യവച്ഛേദിച്ചു പറയേണ്ടതില്ലാത്ത ഒരു സാമാന്യസംവർഗമായി ചരിത്രം മാറുകയും വിജയന്റെ കൃതിയെ ആധാരമാക്കി ചരിത്രത്തിൽ നിന്ന് സാമാന്യപാഠങ്ങൾ ഉല്പാദിപ്പിക്കാൻ അദ്ദേഹം ഉത്സുകനാകുകയും ചെയ്തു. എല്ലാറ്റിനേയും നിരന്തരം ദുഷിപ്പിച്ചു കൊണ്ടിരിക്കുന്ന ദുരധികാ രത്തിന്റെ പ്രകടനങ്ങളുടെ വേദിയായി അദ്ദേഹം ചരിത്രത്തെ കണ്ടു. ധർമ്മപുരാണം' നമ്മുടെ രാജ്യത്തിന്റെ ചരിത്രമാണെന്ന വാദത്തോട് അദ്ദേഹത്തിന് യോജിപ്പുണ്ടായിരുന്നില്ല. ഇതിനെ നമ്മുടെ ചരിത്രമാ ണെന്നു ധരിക്കുന്നവർ സരളമായ ശിരസ്സുള്ളവരാണെന്ന് കെ.പി.അപ്പൻ പറഞ്ഞു. ഈ മഹാപുരാണത്തെ സ്ഥല-കാലത്തിന്റെ അതിരുകളിൽ തളച്ചിടരുതെന്നു നിർദ്ദേശിച്ചു. അതിനെ എക്കാലത്തേയും മനുഷ്യന്റെ ദുരന്താവസ്ഥയായി അവതരിപ്പിച്ചു. ഇന്ത്യൻ ഭരണവർഗ്ഗങ്ങൾക്കെതിരെ വിജയന്റെ നോവൽ ഉയർത്തിയ സവിശേഷവിമർശനത്തെ മറയ്ക്കുക യായിരുന്നു കെ.പി.അപ്പൻ ചെയ്തത്. ദുഷിച്ച അധികാരമെന്ന സാർ വ്വകാലിക പ്രശ്നത്തിന്റെ അവതരണമായി ധർമ്മപുരാണത്തെ കണ്ടു. ചരിത്രപാഠങ്ങളെ സാർവ്വകാലികമായി കാണുന്ന സമീപനമാണ് അപ്പൻ സ്വീകരിച്ചത്. സാർവ്വകാലികവും പ്രാപഞ്ചികവുമായ ആശയ ങ്ങളോട് ആധുനികതയ്ക്കും നവീനവിമർശനത്തിനുമുള്ള താല്പര്യങ്ങളാണ് ഇവിടെ തെളിഞ്ഞത്. സ്റ്റാലിനേയും ഹിറ്റ്ലറേയും ദുരധികാരത്തിന്റെ ഭാഗത്ത് ഒരുമിച്ചുനില്ക്കുന്നവരായി ചിത്രീകരിച്ച കെ.പി. അപ്പൻ ഇന്ദിരാ ഗാന്ധിയെ പരാമർശിക്കുന്നതേയില്ല! വർത്തമാനയാഥാർത്ഥ്യത്തിന്റെ രൂക്ഷതയെ ലഘുവാക്കാനുള്ള ഒരു മാർഗ്ഗം അതിനെ ഒരു സാർവ്വകാ ലികപ്രശ്നമെന്ന മട്ടിൽ അവതരിപ്പിക്കുകയാണ്. എഴുപതുകളിലെ ആ പീഡനകാലത്തെ നിസ്സഹായമോ അനിവാര്യമോ ആയ മനുഷ്യാവ സ്ഥയോട് ബന്ധിപ്പിക്കുന്ന സമീപനങ്ങൾ ദുഷ്ടാധികാരത്തെ ലോപി ച്ചുകാണുന്നവയായിരുന്നു. അത് മനുഷ്യന്റെ മാറാനും മാറ്റാനുമുള്ള

ശേഷിയെ നിരസിച്ചു. മാറ്റിത്തീർക്കലിലൂടെയാണ് സ്വാതന്ത്ര്യത്തെ എത്തിപ്പിടിക്കാൻ കഴിയുന്നതെന്ന യാഥാർത്ഥ്യത്തെ അത് മറച്ചുവെച്ചു. കേവലസ്വാതന്ത്ര്യത്തെക്കുറിച്ചു സംസാരിച്ചുകൊണ്ടുതന്നെ അത് സ്വാതന്ത്ര്യത്തെ നിഹനിക്കുന്നവരുടെ പ്രത്യയശാസ്ത്രത്തിൽ അഭിരമിച്ചു. ഇന്ദിരാഗാന്ധിയെ വിലയിരുത്തുന്ന ഒരു പഠനം അപ്പൻ പിന്നീട് എഴുതുകയുണ്ടായി. ഇവിടെ, മനഃശാസ്ത്രപരമായ പഠനത്തിന്റെ ചില മൂലകങ്ങളെ അപ്പൻ സ്വീകരിക്കുന്നു. ബാല്യകാലത്തിലെ തീവ്രമായ ഏകാന്തതയും ദാമ്പത്യതകർച്ചയും ഇന്ദിരയിൽ രൂപപ്പെടുത്തിയ കർക്കശസ്വഭാവം ഏകാധിപത്യപ്രവണതയായി മാറുകയായിരുന്നുവെന്ന് അപ്പൻ നിരീക്ഷിക്കുന്നു. എന്നാൽ, ഹിറ്റ്ലറുടെ അതിദുഷ്ടമായ രാഷ്ട്രീയതത്ത്വങ്ങളിൽ നിന്നും അവർ അകലെയായിരുന്നുവെന്ന് പറഞ്ഞു. സോവിയറ്റ് റഷ്യയോടുണ്ടായിരുന്ന രാഷ്ട്രീയാഭിമുഖ്യം ഇന്ദിരയുടെ അബോധത്തെ നിർണ്ണയിച്ചിരുന്നുവെന്ന്, ബോധത്തിന്റെ അടിത്തട്ടിൽ ഇന്ദിര ഗാന്ധിജിക്ക് എതിരും സ്റ്റാലിന് അനുകൂലവുമായിരുന്നുവെന്ന് അപ്പൻ എഴുതി. ഇന്ദിരാഗാന്ധിയെക്കുറിച്ചുള്ള ഈ വിശകലനത്തിൽ, അത് എത്രമാത്രം അപൂർണമാണെങ്കിൽ പോലും, അധികാരത്തിന്റെ വ്യത്യസ്തമാനങ്ങളെ കുറിച്ചുള്ള ഒരു പാഠംകൂടി ഉള്ളടങ്ങിയിട്ടുണ്ടായിരുന്നു. എന്നാൽ, ധർമ്മപുരാണത്തെ ഈ ലേഖനത്തിലൊരിടത്തും അപ്പൻ പരാമർശിക്കുന്നില്ലെങ്കിലും ആ നോവലിനെക്കുറിച്ചുള്ള പഠനത്തിൽ സ്വീകരിക്കുന്ന സങ്കല്പനത്തെ, അധികാരപ്രമത്തതകൾ സമാനമാണെന്ന സങ്കല്പനത്തെ, ഇന്ദിരയെ കുറിച്ചുള്ള മനഃശാസ്ത്രവികലനത്തിൽ അപ്പൻ ഉപേക്ഷിക്കുന്നു.

നമ്മുടെ കഥാപുരുഷന്റെ സാഹിത്യവിമർശനസപര്യയിൽ ഒഴിവാക്കാനാകാത്ത പ്രഹേളികയായി കാലം തിരിച്ചറിയപ്പെടുന്നുണ്ട്. സ്വയം അസ്വസ്ഥനാകാൻ വേണ്ടിയാണ് ഒരാൾ കാലത്തെ കുറിച്ചു ചിന്തിക്കുന്നതെന്ന് കെ.പി. അപ്പൻ എഴുതി. ഈ അസ്വസ്ഥതയിൽ പെട്ടുഴലാത്തവർ ദർശനത്തിന്റെ പരിമിതികളാണ് പ്രകടിപ്പിക്കുന്നതെന്ന് അദ്ദേഹം കരുതി. ഒരു എഴുത്തുകാരന്റെ അനിവാര്യതയാണ് കാലദർശനമെന്ന് താൻ വാദിക്കുന്നില്ലെന്നു പറഞ്ഞുകൊണ്ടുതന്നെ കാലം പ്രശ്നമാകാതിരുന്ന ഒരു പറ്റം എഴുത്തുകാരെ അപ്പൻ തന്റെ വാക്കുകൾ കൊണ്ട് പ്രഹരിച്ചു. ഈ പ്രവർത്തനത്തിൽ ഉയർന്ന ചിന്തയെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നവന്റെ അഭിലാഷങ്ങളാണ് പ്രകാശിതമായത്. അപ്പൻ കാലത്തെക്കുറിച്ചെഴുതുമ്പോൾ വാക്കുകൾ സർഗാത്മകതയുടെ ഊർജ്ജംകൊണ്ട് തിളച്ചുപൊങ്ങുന്നത് നാം കാണുന്നു. സമയപ്രവാഹവും സാഹിത്യകലയും എന്ന പുസ്തകത്തിലെ ലേഖനങ്ങളിൽ മാത്രമല്ല,

അപ്പൻ കാലത്തെ കുറിച്ചെഴുതിയ ഏതു ലേഖനം വായിക്കുമ്പോഴും ഈ അനുഭവത്തിലൂടെ നാം കടന്നുപോകുന്നു. കാലത്തേയും സാഹിത്യകലയേയും ഒരുമിച്ചുവെച്ചു പരിശോധിക്കുന്ന തന്റെ പുസ്തകത്തിൽ കാലത്തെക്കുറിച്ച് മനീഷികൾ പറഞ്ഞ വാക്കുകൾ അപ്പൻ ഒരു ബൃഹത്അവലോകനത്തിനു വിധേയമാക്കുന്നുണ്ട്. തത്വചിന്തകളുടെ വ്യത്യസ്തധാരകൾ കാലത്തിന്റെ രഹസ്യങ്ങളേയും സൗന്ദര്യത്തേയും എങ്ങനെ നോക്കിക്കണ്ടുവെന്ന് അപ്പൻ വിസ്തരിക്കുന്നു. കാലത്തിന്റെ ചരിത്രത്തെ കുറിക്കുന്ന വാക്കുകൾ എഴുതുന്നു. എല്ലാറ്റിനേയും വിഴുങ്ങുന്ന, എന്നിട്ടും വിശപ്പടങ്ങാത്ത കാലത്തെ കുറിച്ചു പറയുന്നു. നിത്യസ്രവന്തിയായ കാലം എന്നു വിശേഷിപ്പിക്കുന്നു. കാലത്തെ നദിയായി കാണുന്ന കല്പനകളിൽ അതിന്റെ രേഖീയഗതിയെയാണ് ഭാവന ചെയ്തിരിക്കുന്നതെന്നു പറയുന്നു. പിന്നെ, മലയാളസാഹിത്യഭാവനയിൽ കാലം എങ്ങനെ എങ്ങനെയെല്ലാം പ്രകമ്പനങ്ങൾ സൃഷ്ടിച്ചുവെന്ന് പരിശോധിക്കുന്നു. കാലമാകുന്ന പെരുമ്പാമ്പിനാൽ വിഴുങ്ങപ്പെട്ട ലോകത്തെക്കുറിച്ചുള്ള എഴുത്തച്ഛന്റെ ദർശനം രേഖപ്പെടുത്തുന്നു. തളംകെട്ടി നില്ക്കുന്ന അനന്തമായ കാലം, കാലത്തിന്റെ വറ്റിയ പ്രവാഹത്തിന്റെ തീരം, കാലത്തിലൂടെ സ്ഥാവരങ്ങളുടെ പ്രയാണം, അനന്തമായ കാലത്തിന്റെ അനാസക്തി ... എന്നിങ്ങനെ വിവിധ രചനകളിൽനിന്നും കണ്ടെത്തുന്ന കാലകല്പനകളെക്കുറിച്ചു പറയുന്നു.

സമയപ്രവാഹവും സാഹിത്യകലയും എന്ന പുസ്തകം എഴുതുന്നതിനു മുമ്പേതന്നെ അപ്പന്റെ വിമർശനപഠനങ്ങളിൽ കാലം മുഖ്യഅന്വേഷണവിഷയമായിരുന്നു. കാലം പ്രധാനഘടകമായതാണ് എം.ടി.യുടെ മഞ്ഞ് എന്ന നോവലിന്റെ സംഗീതസൗന്ദര്യത്തിനു കാരണമായി അപ്പൻ കണ്ടെത്തുന്നത്. ഒ.വി.വിജയന്റെ നോവലിനെ കുറിച്ച് എഴുതുമ്പോൾ വിജയന്റെ കാലബോധത്തെ അപ്പൻ ഫോക്കസ് ചെയ്യുന്നു.. സ്ഥലകാലസാതത്യത്തെ കുറിച്ചുള്ള ആധുനികഭൗതികശാസ്ത്രത്തിന്റെ നിരീക്ഷണങ്ങളെ അപ്പൻ പരാമർശിക്കുന്നുണ്ടെങ്കിലും സ്ഥലത്തിൽ നിന്നും സ്വതന്ത്രമായി നില്ക്കുന്ന കാലസങ്കല്പനങ്ങളോടാണ് അദ്ദേഹം മമത പ്രകടിപ്പിക്കുന്നത്. നിരന്തരം വികസിച്ചു കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിന്റെ പ്രത്യക്ഷയാഥാർത്ഥ്യത്തിൽ കാലത്തിനും സ്ഥലത്തിനും ഒറ്റയ്ക്കുള്ള അസ്തിത്വമില്ല. ആപേക്ഷികസിദ്ധാന്തത്തിന്റെ ഭാഗമായി സ്ഥല-കാലസതതമെന്ന ആശയം ഭൗതികശാസ്ത്രത്തിൽ ഉരുവം കൊള്ളുന്നത് ഇങ്ങനെയാണ്. ശാസ്ത്രത്തിലെന്നപോലെ മനുഷ്യജീവിതവുമായി ബന്ധമുള്ള എല്ലാ വ്യവഹാരങ്ങളിലും സ്ഥലകാലസാതത്യമെന്ന സങ്കൽപ്പനമാണ് യാഥാർത്ഥ്യത്തോട് അടുത്തുനില്ക്കുന്നത്. ചരിത്രത്തിനു

കാലത്തോട്ടു മാത്രമല്ല, സ്ഥലത്തോടും നിഷേധിക്കാനാവാത്ത ബന്ധങ്ങളുണ്ട്. ചരിത്രം എഴുതുന്നവർ അറിഞ്ഞോ അറിയാതെയോ സ്ഥലകാലസാതത്യത്തിൽ നിന്നുകൊണ്ടാണ് അതു ചെയ്യുന്നത്. ചരിത്രത്തെ പരിഗണിക്കാത്ത അപ്പന് സ്ഥലകാലസാതത്യവും പരിഗണനയിൽ വന്നില്ലെന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. സ്ഥലത്തിന്റെ സവിശേഷസന്ദർഭങ്ങളിൽനിന്നും എടുത്തുമാറ്റി കാലത്തിന്റെ ഏതു സ്ഥാനത്തും സംഭവങ്ങളെ പ്രതിഷ്ഠിക്കുന്ന രീതി ചരിത്രത്തോടുള്ള നീതികേടാണ്. ഈ അനഭിലഷണീയമായ രീതി ആനന്ദിന്റെ 'ഗോവർദ്ധന്റെ യാത്രകൾ'എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അനീതിയേയും ക്രൂരതയേയും ശാശ്വതവത്കരിക്കുക തന്റെ ലക്ഷ്യമല്ലെന്നു പറഞ്ഞുകൊണ്ട് മുൻക്കൂർ ജാമ്യം തേടേണ്ട ഒരു സ്ഥിതിയെ ആനന്ദിനു അഭിമുഖീകരിക്കേണ്ടി വന്നതിനു കാരണം ഈ പ്രവണതയായിരുന്നു. ലോകത്തിലെ നൃശംസതകൾ മുഴുവനും സ്ഥലകാലഭേദങ്ങളില്ലാതെ പ്രത്യക്ഷപ്പെടുന്ന അനുഭവമാണ് ആനന്ദിന്റെ ആ നോവൽ നമുക്കു നല്കുന്നത്. കാളിദാസനും അമീർഖുസ്രുവും ഭാരതേന്ദുഹരിശ്ചന്ദ്രനും ഗലീലിയോയും കെപ്ലറും ഉമ്രാവ്ജാനും പല കാലങ്ങളിൽനിന്നും ഇറങ്ങി വന്ന് ഒരേവേദിയിൽ പ്രത്യക്ഷപ്പെടുന്നു. എല്ലാറ്റിനേയും ദുഷിപ്പിക്കുന്ന അധികാരത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളെ സ്ഥാപിക്കാനുള്ള ശ്രമം എല്ലാ അധികാരവും സമാനമാണെന്ന ന്യൂനീകരണത്തിലേക്കാണ് നയിക്കപ്പെട്ടത്. സ്ഥലത്തെ കാലത്തിൽ നിന്നും അടർത്തിമാറ്റിയ പ്രവർത്തനമായിരുന്നു ഈ ലഘൂകരണത്തിന്റെ അടിസ്ഥാനം. ആനന്ദിന്റെ 'ഗോവർദ്ധന്റെ യാത്രകൾ'എന്ന കൃതിയെ കാലത്തെ കുറിച്ചുള്ള തന്റെ പുസ്തകത്തിൽ അപ്പൻ വികലനത്തിനു വിധേയമാക്കുന്നില്ല. നമ്മുടെ സങ്കല്പത്തിലുള്ള നാഴികമണിയെ ആനന്ദ് തച്ചുതകർക്കുന്നതായും കാലമില്ലാത്ത അനുഭവം സൃഷ്ടിക്കുന്നതായും മരണസർട്ടിഫിക്കേറ്റ് എന്ന കൃതിയെ ചൂണ്ടി എഴുതുന്ന അപ്പൻ ആനന്ദിന്റെ കൃതികളിലെ കാലത്തിന്റെ ആവിഷ്കരണത്തെ സമഗ്രമായി പരിശോധിച്ചുവെന്നു പറയാൻ കഴിയില്ല. കാലം വിവിധ എഴുത്തുകാരുടെ കൃതികളിൽ എങ്ങനെയെല്ലാം പ്രത്യക്ഷപ്പെടുന്നുവെന്ന താല്പര്യത്തിന്നപ്പുറത്തേക്ക് അപ്പന്റെ അന്വേഷണം പലപ്പോഴും വികസിക്കുകയുണ്ടായില്ല. അതുകൊണ്ട് സാഹിത്യകൃതികളിലെ കാലത്തെക്കുറിച്ച് അന്വേഷിക്കുന്ന അപ്പന്റെ കൃതി ഖണ്ഡനവിമർശനത്തിന്റെ ആയുധങ്ങളെ കൈയ്യിലെടുക്കുന്നില്ല. കാലം പ്രശ്നമാകാതിരുന്നവരെന്നു ചൊല്ലി തകഴിയുടേയും ദേവിന്റേയും കൃതികളെ അദ്ദേഹം ഖണ്ഡനവിമർശനത്തിനു വിധേയമാക്കിയെങ്കിലും ആധുനികരുടെ കൃതികളുടെ പരിശോധനാവേളയിൽ അവരോടുള്ള

സഹഭാവം കൊണ്ടെന്നവണ്ണം ഒരു അവലോകനകാരനായി മാത്രം അപ്പൻ പ്രത്യക്ഷപ്പെട്ടു..

കുഞ്ചൻനമ്പ്യാരുടെ കാലനില്ലാത്ത കാലത്തെക്ക്റിച്ചുള്ള ഫലിതബോധം കലർന്ന കല്പനയിൽ കാലത്തിന്റെ മരണമെന്ന ദുർഘടം നിറഞ്ഞ സങ്കല്പനമുണ്ടെന്ന് അപ്പൻ നിരീക്ഷിക്കുന്നു. കാലന്റെ മരണം സൃഷ്ടിക്കുന്ന അനന്തരാവസ്ഥകളെ കുറിച്ച് നമ്പ്യാർ രചിച്ച ഹാസ്യത്തിന്റെ മഹാവാക്യങ്ങൾ ജ്ഞാനിയുടെ വിദൂഷകത്വത്തിന്റെ തെളിവായി നമ്മുടെ വിമർശകൻ എടുത്തു കാണിക്കുന്നു. മലയാളസാഹിത്യത്തിലെ പുതിയ എഴുത്തുകാരും കാലത്തെ കുറിച്ചുള്ള ദുർഘടം നിറഞ്ഞ പ്രമേയങ്ങളെ തങ്ങളുടെ രചനയിൽ സ്വീകരിച്ചിട്ടുണ്ട്. സാറാജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ'എന്ന നോവലിൽ കാലം പ്രവർത്തനക്ഷമമാകാത്ത ആനി എന്ന കഥാപാത്രത്തെ നാം കാണുന്നു. ആനിക്ക് എപ്പോഴും ഒരേ പ്രായമാണ്. നോവലിലുടനീളം കാലത്തിന്റെ നിർദ്ദേശാങ്കങ്ങളെ കണ്ടെത്താൻ കഴിയുമെങ്കിലും ആനി അവയുടെ സ്വാധീനവലയത്തിൽ വരുന്നില്ല. കോക്കാഞ്ചറയിൽ നിശ്ചലമായ ജീവിതം നയിക്കുന്നവരുടെ സൂചകമായി ഈ കഥാപാത്രം പ്രത്യക്ഷപ്പെടുന്നു. ഈ കഥാപാത്രത്തിന്റെ സൃഷ്ടിയിലൂടെ സാറാജോസഫ് ഭൗതികശാസ്ത്രത്തിനു സാധിക്കാത്ത ഒരു കാര്യത്തെ നോവൽസാഹിത്യത്തിലൂടെ നേടിയെടുക്കുകയാണു ചെയ്തത്. എന്നാൽ, സാറയുടെ കൃതി കാലത്തെക്കുറിച്ചുള്ള അപ്പന്റെ ചിന്തകളിൽ സ്ഥാനം നേടിയില്ല. കാലത്തെക്കുറിച്ചുള്ള തന്റെ കൃതിയിൽ അദ്ദേഹം അവതരിപ്പിച്ച ബൃഹത് അവലോകനങ്ങൾക്കും നിരീക്ഷണങ്ങൾക്കും മുന്നിൽ ഇത് ചെറിയ കാര്യങ്ങളായി അദ്ദേഹത്തിനു തോന്നിയിരിക്കണം.

കാലത്തെക്കുറിച്ചുള്ള പുസ്തകം എഴുതുമ്പോഴും തന്റെ ദാർശനികാടിസ്ഥാനത്തെ അപ്പൻ ഉപേക്ഷിച്ചിരുന്നില്ല. അതിഭൗതികമായ താല്പര്യങ്ങൾ കാലത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകളേയും ചൂഴ്ന്നില്ലുന്നതായി നമുക്ക് അനുഭവപ്പെടുന്നു. കാലത്തിന്റെ ഉപാസകനായ ഈ വിമർശകൻ സ്ഥലത്തെ പലപ്പോഴും അവഗണിക്കുകയോ നിരസിക്കുകയോ ചെയ്തു. ഖസാക്കിന്റെ ഇതിഹാസം'എന്ന നോവലിനെക്കുറിച്ചുള്ള വിമർശലേഖനത്തിൽ ഖസാക്ക് എന്ന സ്ഥലം പരാമർശിക്കാതിരിക്കുന്ന വിമർശകനാണ് ദർശനത്തിന്റെ ഭാഗമെന്ന നിലയിലും ആവിഷ്കരണരീതി എന്ന നിലയിലും തിരോഭവിക്കാത്ത സാന്നിദ്ധ്യമായി കാലം ആ നോവലിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് കണ്ടെത്തിയത്.' ദൽഹിയെക്കുറിച്ചുള്ള പഠനത്തിൽ കാലത്തെ

ആവിഷ്കരിക്കുന്നതിൽ എം. മുകുന്ദന്റെ കലാപ്രതിഭ പരാജയപ്പെട്ടുവെന്നു സമർത്ഥിക്കുന്ന വിമർശകൻ ദൽഹി എന്ന സ്ഥലത്തെ ആ നോവൽ എങ്ങനെ ആവിഷ്കരിച്ചുവെന്ന് പരിശോധിക്കുന്നതിൽ തല്പരനാകുന്നില്ല. പാണ്ഡവപുരം എന്ന നോവലിന്റെ പഠനത്തിലും കാലത്തെ കുറിച്ച് വാചാലനാകുന്ന വിമർശകനെ നാം കാണുന്നു. ഈ നോവലുകളിലെ ശീർഷകങ്ങൾപോലും സ്ഥലസൂചനകളാണെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. കാലത്തെ ഒരു മഹാപ്രതിഭാസമായി കണ്ട വിമർശകൻ സ്ഥലത്തെ തീർത്തും അവഗണിക്കേണ്ട ചെറിയ കാര്യമായിട്ടാണ് നോക്കിക്കണ്ടത്. കാലത്തിന്റെ മഹാപ്രവാഹത്തെ ആദരവോടെ ഉൾക്കൊള്ളാൻ അപ്പനെ പ്രേരിപ്പിച്ചതിൽ അദ്ദേഹത്തിന്റെ മഹത്ത്വത്തോടുള്ള ആകാംക്ഷകൾക്ക് വലിയ പങ്കുണ്ടായിരുന്നു.